# കേരള സർവകലാശാല

നം.പി.ആർ.223/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം (2017 അഡ്മിഷൻ) ജൂലൈ/ആഗസ്റ്റ് 2018 ലെ മാറ്റിവച്ച ബി.എ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ 2018 ഒക്ടോബർ 23 മുതൽ നടത്തുന്നതാണ്. ബി.കോം ഒന്നും രണ്ടും സെമസ്റ്ററിലെ പുതുക്കിയ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 11 വരെ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 23, 25, 30, നവംബർ 1 തീയതികളിലും സെപ്റ്റംബർ 13 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 5 നും നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കോ സമയത്തിനോ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ/ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷയുടെ വൈവ പരീക്ഷ ഒക്ടോബർ 17 ന് ലയോള കോളേജിൽ നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 സെപ്റ്റംബർ/ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സോഷ്യോളജി പരീക്ഷയുടെ വൈവാ വോസി ഒക്ടോബർ 16, 17 തീയതികളിൽ അതാതു കോളേജുകളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### അഡ്മിഷൻ മെമ്മോ

സർവകലാശാലയിലെയും യൂണിവഴ്സിറ്റി കോളേജിലെയും വിവിധ പഠനവകുപ്പുകളിലേയ്ക്കും കാര്യവട്ടം ലക്ഷ്മീഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള (2018 – 2019) എം.ഫിൽ പ്രോഗ്രാമുകളിലേക്ക് അഡ്മിഷന് തെരഞ്ഞെടുക്കപ്പെട്ടതായി എസ്.എം.എസ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള അഡ്മിഷൻ മെമ്മോ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾ മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസവും സമയവും മറ്റു നിർദ്ദേശങ്ങളും പാലിച്ച് അതാത് ഡിപ്പാർട്ട്മെന്റിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം 2018 ഏപ്രിലിൽ നടത്തിയ പി.ജി ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജിയിൽ നിമ്മി വർഗീസ് (രജി.നം.11757) ഒന്നാം റാങ്ക് കരസ്ഥമാക്കി. 2018 ജൂണിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ മഹേഷ് എം. (രജി.നം.11842) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ആരോഗ്യ ഇൻഷ്വറൻസ്

ആരോഗ്യ ഇൻഷ്വറൻസ് (MEDISEP) പദ്ധതിയിൽ അംഗങ്ങൾ ആകുന്നതിന് വിവരങ്ങൾ ഇതുവരെ നൽകാത്ത സർവകലാശാല ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ മുതലായവർക്ക് ഈ വിവരങ്ങൾ Kufinance.info എന്ന സൈറ്റിൽ Pension spot ൽ നൽകിയിട്ടുള്ള പ്രൊഫോർമയിൽ ഡാറ്റ അപ്‌ലോഡ് ചെയ്യാവുന്നതും പ്രൊഫോർമയുടെ പ്രിന്റൗട്ട് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ ആധികാരികത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 17 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്/അക്കൗണ്ട്സ് പെൻഷൻ) ന് സമർപ്പിക്കേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കംപ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സ് വകുപ്പിൽ കംപ്യൂട്ടേഷണൽ ബയോളജി (7 സീറ്റ്), ഹിസ്റ്ററി പഠന വകുപ്പ്, തമിഴ് പഠന വകുപ്പ്, അറബിക് പഠന വകുപ്പ്, ജനസംഖ്യാശാസ്ത്ര പഠന വകുപ്പിൽ എം.എസ്.സി ഡെമോഗ്രഫി ആന്റ് ബയോസ്റ്റാറ്റിസ്റ്റിക്സ് (മാത്സ്/സ്റ്റാറ്റിസ്റ്റിക്സ്/കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ പ്ലസ്ടു തലത്തിൽ സ്റ്റാറ്റിസ്റ്റിക്സ്/ മാത് സ് പഠിച്ച ബി.എ ഇക്കണോമിക്സ്/ജോഗ്രഫി/സോഷ്യോളജി/ആന്ത്രോപോളജി ബിരുദധാരികൾക്ക് അപേക്ഷിക്കാം.), എം.എസ്.സി ആക്ചുറിയൽ സയൻസ് (മാത്സ്/സ്റ്റാറ്റിസ്റ്റിക്സ്/ആക്ചുറിയൽ സയൻസ്/മാത്തമാറ്റിക്കൽ ആക്ചുറിയൽ സയൻസ്/ആക്ചുറിയൽ സ്റ്റാറ്റിസ്റ്റിക്സ്/ആകചുറിയൽ എക്കണോമിക്സ് /കമ്പ്യൂട്ടർ സയൻസ് ബിരുദധാരികൾക്ക് അപേക്ഷിക്കാം) എന്നിവിടങ്ങളിൽ ഒഴിവുള്ള പി.ജി സീറ്റുകളിലേക്ക് എല്ലാ വിഭാഗക്കാർക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 11. അർഹരായിട്ടുള്ളവർ അതാത് ഡിപ്പാർട്ട്മെന്റിൽ ഒക്ടോബർ 15 ന് ഹാജരാകേണ്ടതാണ്. അപേക്ഷാഫോറം സി.എസ്.എസ് ഓഫീസിൽ ലഭ്യമാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2018

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ/മറ്റ് സംവരണസീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 11–ന് കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 12 – ന് ആലപ്പുഴ എസ്.ഡി കോളേജിൽ ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ

ചെയ്യേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 900/- രൂപയും ഒ.ഇ.സി.വിഭാഗങ്ങൾക്ക് 340/- രൂപയും) അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും.

ജനറൽ/മറ്റ് സംവരണവിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് എസ്.സി./എസ്.ടി.വിഭാഗങ്ങൾക്ക് ഒരു അവസരം കൂടി നൽകുന്നതാണ്. എസ്.സി/എസ്.ടി. സംവരണസീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതികളിലും സ്ഥലങ്ങളിലും രാവിലെ 9 മണിക്ക് ഹാജരാകണം. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവരെ പരിഗണിച്ചശേഷം ആ വിഭാഗങ്ങളിൽ ഒഴിവുവരുന്ന സീറ്റുകൾ നിയമാനുസൃതമായി മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും ഒക്ടോബർ 11, 12 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.)

## <u>സൗജന്യ നേത്രപരിശോധന</u>

ലോകകാഴ്ച ദിനത്തോടനുബന്ധിച്ച് സർവകലാശാല വിമൺസ്ക്ലബ്ബും ലയൺസ്ക്ലബ് ഇന്റർനാഷണലും (റീജിയൺ – 3, സോൺ – എ) അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലും സംയുക്തമായി സർവകലാശാല ജീവനക്കാർക്കായി ഒക്ടോബർ 11 ന് വിമൺസ്ക്ലബ്ബ് ഹാളിൽ വച്ച് സൗജന്യ നേത്രപരിശോധനയും ഡയബറ്റിക് റെറ്റിനോപ്പതി നിർണയ ക്യാമ്പും സംഘടിപ്പിക്കുന്നു.

തിരുവനന്തപുരം.
10.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ